**<u>വിദേശകാര്യ കാര്യാലയ ചര്ച്ചകള്ക്ക് വിദേശകാര്യസെക്രട്ടറിയുടെ റഷ്യ സന്ദര്ശനം (മാര്ച്ച് 17, 2017)</u>**

മാര്ച്ച് 18, 2017

വിദേശകാര്യ കാര്യാലയ ചര്ച്ചകള്ക്ക് വേണ്ടി
ഇന്ത്യയുടെ വിദേശകാര്യസെക്രട്ടറി ഡോ. എസ് ജയ്ശങ്കര് മാര്ച്ച് 16-17, 2017 ല് റഷ്യ സന്ദര്ശിച്ചു. റഷ്യന് ഫെഡറേഷന് ഡെപ്യൂട്ടി വിദേശകാര്യ മന്ത്രിമാരായ ഹിസ് എക്സലന്സി ശ്രീ ഇഗോര് മോര്ഗുലോവ് , ഹിസ് എക്സലന്സി ശ്രീ സെര്ഗെയ് റിയാബ്ക്കോവ് എന്നിവരുമായി അദ്ദേഹം ചര്ച്ചകള് നടത്തി. നടക്കുവാനിരിക്കുന്ന പതിനെട്ടാമത് ഇന്ത്യാ-റഷ്യ വാര്ഷിക ഉച്ചകോടിയ്ക്ക് ആവശ്യമായ തയാറെടുപ്പുകള്, ജൂണ് 1-7, 2017 ല് നടക്കുവാന് പോകുന്ന XXI സെന്റ് പീറ്റേഴ്സ്ബര്ഗ് അന്താരാഷ്ട്ര സാമ്പത്തിക ഫോറത്തില് മുഖ്യാതിഥിയായി, ഇന്ത്യന് പ്രധാന മന്ത്രി പങ്കെടുക്കുന്നത് , ഇന്ത്യയും റഷ്യയും തമ്മില് നയതന്ത്ര ബന്ധങ്ങള് സ്ഥാപിച്ചതിന്റെ എഴുപതാമത് വാര്ഷിക ആഘോഷങ്ങളുടെ ആസൂത്രണം തുടങ്ങിയ വിഷയങ്ങള് ഉള്പ്പെടെ , ഇന്ത്യയും റഷ്യയുമായുള്ള ഉഭയ കക്ഷി ബന്ധങ്ങളുടെ എല്ലാ മേഖലകളിലെയും പൂര്ണമായ അവലോകനം , അവര് നടത്തുകയുണ്ടായി .

മേഖലാ, ആഗോള വിഷയങ്ങള്, അന്താരാഷ്ട്ര സ്ഥാപനങ്ങളിലെ പരിഷ്കാരങ്ങള്, തീവ്രവാദത്തിനെതിരെയുള്ള സഹകരണം, മയക്കു മരുന്നിനെതിരെയുള്ള പ്രവര്ത്തനം, എസ് സി ഒ, ബ്രിക്സ്, ആര്ഐസി പോലെയുള്ള മേഖലാ സംഘങ്ങളിലെ സഹകരണം എന്നിവയില് എടുക്കുന്ന നിലപാടുകളിലെ തങ്ങളുടെ സാമാന്യതയെ അവര് അംഗീകരിക്കുകയുണ്ടായി

റഷ്യന് ഫെഡറേഷന് പ്രസിഡണ്ടിന്റെ വിദേശകാര്യ നയ സഹായി അംബാസഡര് യൂറി ഉഷാക്കോവുമായും, അതോടൊപ്പം ഫെഡറേഷന് കൌണ്സില് ഫോറിന് റിലേഷന്സ് കമ്മിറ്റി അദ്ധ്യക്ഷന് ഹിസ് എക്സലന്സി ശ്രീ കോണ്സ്റ്റാന്റിന് കൊസാച്ചവേുമായും
ഡോ. ജയ്ശങ്കര് കൂടിക്കാഴ്ച നടത്തി

വളരെ ഫലപ്രദവും ശുഭാപ്തി വിശ്വാസമുള്ളതുമായ അന്തരീക്ഷത്തില് ആയിരുന്നു ചര്ച്ചകള് നടന്നത് , ഇന്ത്യാ-റഷ്യ ബന്ധങ്ങളുടെ ശക്തമായ അടിത്തറയെ അടിവരയിടുന്നതും അതിനു ഇരു രാജ്യങ്ങള് നല്കുന്ന പ്രാധാന്യത്തെ എടുത്തു കാണിക്കുന്നതുമായിരുന്നു

ന്യൂഡല്ഹി
മാര്ച്ച് 18, 2017